**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീമതി പ്രീജ പത്മനാഭൻ മാവൂർ- ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ(സാധാ)നം.128/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 15/01/2020**

പരാമർശം:- 1. മുഖ്യ നഗരാസൂത്രകയുടെ 05.08.2019 ലെ TCPCTP/897/2019/A3 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറൽ (എ &ഇ )യുടെ 07.06.2019 ലെ GE11/A/TPP-18/0465 നമ്പർ കത്ത്.

## ഉത്തരവ്

നഗര ഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് 28.05.2018 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി പ്രീജ പത്മനാഭൻ മാവൂർ -ന്റെ ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 27.11.2018 അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ആയതിനാൽ ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രക അപേക്ഷിച്ചിരുന്നു.ടിയാരി നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ എടുത്തിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി പ്രീജ പത്മനാഭൻ മാവൂർ -ന്റെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ചട്ടം 20(ബി) പ്രകാരം 28.11.2018 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ , തിരുവനന്തപുരം.
ശ്രീമതി. പ്രീജ പത്മനാഭൻ മാവൂർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ,
നഗര ഗ്രാമാസൂത്രണ വകുപ്പ്(മുഖ്യനഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരളം തിരുവനതപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ